I/67183/2024

I/67183/2024

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം

**സർക്കുലർ**

**കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഗവൺമെന്റ് കോളേജുകൾ-2024-2025 അക്കാദമിക് വർഷത്തേയ്ക്കുള്ള അധ്യാപകരുടെ പൊതു സ്ഥലംമാറ്റം - ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു.**

സൂചന:
1.21.12.1994ലെ സ.ഉ(എം.എസ്) നം.27/1994/ഉ.വി.വ നമ്പർ ഉത്തരവ്
2.14.08.1997ലെ സ.ഉ(എം.എസ്) നം.112/1997/ഉ.വി.വ നമ്പർ ഉത്തരവ്
3.01.09.2014ലെ സ.ഉ(എം.എസ്) നം.114/2004/ഉ.വി.വ നമ്പർ ഉത്തരവ്
4.25.02.2017ലെ സ.ഉ(പി) നം.3/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
5.29.08.2017ലെ സ.ഉ(എം.എസ്) നം.18/2017/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
6.05.04.2018ലെ സ.ഉ(കൈ) നം.10/2018/ഉ.ഭ.പ.വ നമ്പർ ഉത്തരവ്

സർക്കാർ പുറപ്പെടുവിച്ച മേൽ സൂചന ഉത്തരവുകളിലെ സ്ഥലമാറ്റ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിലെയും ട്രെയിനിംഗ് കോളേജുകളിലെയും മ്യൂസിക് കോളേജുകളിലെയും സംസ്കൃത കോളേജുകളിലെയും, ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളിലെയും അദ്ധ്യാപകരിൽ നിന്നും ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ, മെഡിക്കൽ കോളേജുകൾ, ലോ കോളേജുകൾ എന്നിവയിൽ ജോലി ചെയ്യുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ അധ്യാപകരിൽ നിന്നും 2024-2025 അക്കാദമിക് വർഷത്തേയ്ക്കുള്ള പൊതു സ്ഥലംമാറ്റത്തിന് ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു.

മേൽപ്പറഞ്ഞ സർക്കാർ കോളേജുകളിൽ ജോലി ചെയ്യുന്ന കോളേജ് വിദ്യാഭ്യാസ വകുപ്പിലെ സ്ഥലം മാറ്റം ആവശ്യമുള്ള അദ്ധ്യാപകർ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സ്ഥലംമാറ്റ അപേക്ഷകൾക്കായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക ലിങ്കിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. **അദ്ധ്യാപകർ ഓൺലൈൻ അപേക്ഷകൾ 27.02.2024നു മുമ്പും പ്രിൻസിപ്പാൾമാർ ടി അപേക്ഷകൾ പരിശോധിച്ച് 02.03.2024 നുമുമ്പും അന്തിമമായി സമർപ്പിക്കേണ്ടതാണ്.**

സ്ഥലംമാറ്റത്തിന് ഏതെങ്കിലും തരത്തിൽ മുൻഗണന ലഭിയ്ക്കാൻ അർഹതയുള്ള അദ്ധ്യാപകർ ആ വിവരം അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തുകയും, ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യുകയും വേണം. ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ലെങ്കിൽ മുൻഗണന നൽകുന്നതിന് പരിഗണിയ്ക്കുന്നതല്ല.

ഹോം സ്റ്റേഷൻ തിരഞ്ഞെടുക്കുന്നതിനും, നേരത്തെ തിരഞ്ഞെടുത്ത ഹോം സ്റ്റേഷൻ മാറ്റാൻ ആഗ്രഹിക്കുന്ന അധ്യാപകർ സ്റ്റേഷൻ മാറ്റുന്നതിനും ഉള്ള അപേക്ഷകൾ സ്ഥലം മാറ്റത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഹോം സ്റ്റേഷൻ തിരഞ്ഞെടുക്കുന്നത്/ മാറ്റുന്നത് സൂചന (6) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകരുടെ താൽക്കാലിക ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. താൽക്കാലിക ലിസ്റ്റിന്മേൽ പരാതിയുള്ള പക്ഷം ആയത് വേണ്ട തെളിവുകളോടെ സമർപ്പിക്കണം. പരാതി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി പിന്നീട് അറിയിക്കുന്നതാണ്. ബന്ധപ്പെട്ട വിഷയങ്ങളിലെ വകുപ്പ് മേധാവി ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന മാതൃകയിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ വിവരങ്ങളും പൂരിപ്പിച്ച് **dcegeneraltransfer@gmail.com** എന്ന ഈമെയിൽ വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

I/67183/2024

Signed by
Sudhir K Ias
Date: 16-02-2024 00:12:18

Sudhir K IAS
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

1.വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
2.ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
3. സൂപ്രണ്ട് - എ/ബി സെക്ഷനുകൾ
4. എ/ബി സെക്ഷനിലുള്ള എല്ലാ ക്ലാർക്കുമാർക്കും
5.കരുതൽ ഫയൽ

## അനുബന്ധം 1

- ചുവടെ പറയുന്ന ക്രമ നമ്പർ 1 മുതൽ 13 വരെയുള്ള വിവരങ്ങൾ നിർബന്ധമായും 07/05/2022 - നു മുമ്പ് സർക്കുലറിൽ പരാമർശിക്കുന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു തരേണ്ടതാണ്. ഒരു വിഷയത്തിലുള്ള അദ്ധ്യാപകരിൽ ആരും തന്നെ സ്ഥാപനത്തിൽ നിന്ന് സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടില്ലെങ്കിൽ കൂടി ആ വിഷയത്തെ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | കോളേജിന്റെ പേര്, ഫോൺ നം., ഇ-മെയിൽ ഐ.ഡി. | : | |
| 2. | വിഷയം | : | |
| 3. | അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ | : | |
| 4. | ഒഴിവുകളുടെ എണ്ണം | : | |
| 5. | സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള അദ്ധ്യാപകരുടെ പേര് | : | |
| 6. | അപേക്ഷകരിൽ സ്ഥലംമാറ്റത്തിന് മുൻഗണനാ ലഭിക്കുകവാൻ അർഹതയുള്ള അദ്ധ്യാപകർ (മുൻഗണന എന്തെന്ന് വ്യക്തമാക്കണം) | : | |
| 7. | സ്ഥലംമാറ്റത്തിൽ നിന്നും പരിരക്ഷ അർഹിക്കുന്ന അദ്ധ്യാപകർ (പരിരക്ഷ എന്താണെന്നും, എത്ര കാലമായി പരിരക്ഷ ഉപയോഗപ്പെടുത്തുന്നുവെന്നും വ്യക്തമാക്കേണ്ടതാണ്) | | |
| 8. | അദ്ധ്യാപകരിൽ ആരെങ്കിലും എൻ.സി.സി ഓഫീസറായി പ്രവർത്തിക്കുന്നുണ്ടോ (എൻ.സി.സി ഓഫീസറുടെ പേരും എൻ.സി.സി ഓഫീസറായി ചുമതലയേറ്റെടുത്ത തീയതിയും വ്യക്തമാക്കണം) | : | |
| 9. | എഫ്.ഐ.പി ഡെപ്യൂട്ടേഷനിൽ തുടരുന്ന അദ്ധ്യാപകരുടെ പേര് (എഫ്.ഐ.പി കാലയളവും എഫ്.ഐ.പി ചെയ്യുന്നത് ഹോം സ്റ്റേഷനിലാണോ എന്നും വ്യക്തമാക്കണം) | : | |
| 10. | ഡെപ്യൂട്ടേഷനിൽ തുടരുന്ന അദ്ധ്യാപകരുടെ പേര് (ഡെപ്യൂട്ടേഷൻ കാലയളവ് വ്യക്തമാക്കണം) | : | |
| 11. | ശൂന്യവേതനാവധിയിൽ പ്രവേശിപ്പിച്ചിട്ടുള്ള അദ്ധ്യാപകരുടെ പേര് (ശൂന്യവേതനാവധി കാലയളവ് വ്യക്തമാക്കണം) | : | |
| 12. | നിലവിൽ മറ്റേർണിറ്റി ലീവിൽ തുടരുന്ന അദ്ധ്യാപികമാരുടെ പേര് (അവധി കാലയളവ് വ്യക്തമാക്കണം) | | |

13. നിലവിൽ ജോലിചെയ്യുന്ന അദ്ധ്യാപകരുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്ന നിശ്ചിത മാതൃകയിൽ നൽകേണ്ടതാണ്

1. വിഷയം :
2. ടി വിഷയത്തിൽ അനുവദിക്കപ്പെട്ട കോഴ്സുകൾ :
3. അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം :
4. ഒഴിവുകളുടെ എണ്ണം :

| ക്രമ നം. | നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ പേര്, ഫോൺ നം | ഇപ്പോഴത്തെ ഹോം സ്റ്റേഷൻ, (തിരഞ്ഞെടുത്ത തീയതി വ്യക്തമാക്കുക) | മുമ്പ് തിരഞ്ഞെടുത്തിരുന്ന ഹോം സ്റ്റേഷനും കാലയളവും | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ജോലിയിൽ പ്രവേശിച്ച തീയതി | ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ പ്രവേശിച്ച തീയതി | സ്ഥലംമാറ്റത്തിൽ നിന്നും പരിരക്ഷ അർഹിക്കുന്നു. ,(ഉണ്ടെങ്കിൽ ഏതു തരം പരിരക്ഷയാണെന്നും എത്ര കാലമായി പരിരക്ഷ ഉപയോഗിക്കുന്നുവെന്നും വ്യക്തമാക്കണം) | നിലവിൽ എഫ്.ഐ.പി/ ഡെപ്യൂട്ടേഷൻ/LWA / maternity leave എന്നിവയിൽ തുടരുന്നുവെങ്കിൽ അതിന്റെ കാലയളവ് | വിരമിക്കൽ തീയതി | ഈ വകുപ്പിന് കീഴിൽ മുൻപ് ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളും സേവന കാലയളവും |
|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1. | | | | | | | | | |
| 2 | | | | | | | | | |
| 3 | | | | | | | | | |
| 4 | | | | | | | | | |